# കേരള സാഹിത്യചരിത്ര ചർച്ച

UNIVERSITY OF KERALA

(Malayalam)
KERALASAHITYACHARITRACHARCHA
(Seminar Papers)

First Published 1978

Printed at
THE VALSA PRINTERS
Trivandrum-14.

Price Rs. 6.00

Compiled and Published by
CHEMMANAM CHACKO
Director
Dept. of Publications
Kerala University
Trivandrum.

# കേരളസാഹിത്യചരിത്രചർച്ച

പ്രസിദ്ധീകരണവിഭാഗം
കേരളസർവകലാശാല
തിരുവനന്തപുരം

# ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രം: ദേശചരിത്രവസ്തുതകൾ സംബന്ധിച്ച നൂതനോപജ്ഞാനങ്ങൾ

എൻ. വി. കൃഷ്ണവാരിയർ

കേരളത്തിൽ രചിയ്ക്കപ്പെട്ട സാഹിത്യത്തിന്റെ ചരിത്രം എഴുതുവാനാണ് തന്റെ പ്രധാനകൃതിയിൽ മഹാകവി ഉള്ളൂർ ഉദ്യമിച്ചിട്ടുള്ളത്. ജന്മനാ കേരളീയരും അകേരളീയരുമായ ഒട്ടേറെ പ്രതിഭാശാലികളുടെ നിർമ്മിതികളെ ഈ ഗ്രന്ഥത്തിൽ അദ്ദേഹം പരാമർശിക്കുന്നുണ്ട്. തമിഴ്, സംസ്കൃതം, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലൂടെയാണല്ലോ കേരളത്തിന്റെ സർഗ്ഗകൗശലം കൂടുതലും വ്യാപരിച്ചിട്ടുള്ളത്. ഇവയിൽ, തമിഴിൽ രചിക്കപ്പെട്ട കേരളീയകൃതികളെ സമഗ്രമായി അവലോകനം ചെയ്യുന്നതിന് ഉള്ളൂർ ഉദ്ദേശിച്ചിട്ടില്ല. ചിലപ്പതികാരത്തെ അല്പം വിസ്തരിച്ചും, എട്ടുത്തൊകൈയിലെയും ശൈവ–വൈഷ്ണവ ഭക്തിസാഹിത്യത്തിലെയും കേരളീയകൃതികളെ അതിസംക്ഷിപ്തമായും അദ്ദേഹം നിരൂപണം ചെയ്യുന്നുണ്ടെങ്കിലും, ഈ പ്രതിപാദനം പര്യാപ്തമോ പൂർണ്ണമോ അല്ല. ഇംഗ്ലീഷിൽ രചിയ്ക്കപ്പെട്ട കേരളീയകൃതികളെ അദ്ദേഹം സ്പർശിക്കുന്നേ ഇല്ല. എന്നാൽ, സംസ്കൃതത്തിലും മലയാളത്തിലും അറിയപ്പെട്ടേടത്തോളം എല്ലാ കൃതികളെയും അദ്ദേഹം നിരൂപണവിഷയമാക്കിയിട്ടുണ്ട്. (സംസ്കൃതമെന്ന് ഇവിടെ പറഞ്ഞത് പ്രാകൃതത്തെക്കൂടി ഉൾപ്പെടുത്തിയാണ്.) താൻ സാഹിത്യചരിത്രം രചിക്കുന്ന കാലത്തു ജീവിച്ചിരുന്ന എഴുത്തുകാരുടെ കൃതികളെ മാത്രമേ അദ്ദേഹം പ്രകടമായ കാരണങ്ങളാൽ, ഒഴിച്ചുവിട്ടിട്ടുള്ളു.



പ്രതിപാദനം മിക്കവാറും കാലക്രമാനുസാരിയാണ്. പ്രസ്ഥാനങ്ങളെ വേർതിരിച്ച് വിവരിയ്ക്കാനോ, അവയുടെ ഉൽപത്തിവികാസാപചയതിരോധാനങ്ങൾക്കു കാരണമായിത്തീർന്ന സാമൂഹ്യപ്രതിഭാസങ്ങളെ വിശകലനം ചെയ്യാനോ ഉള്ളൂർ യത്നിച്ചിട്ടില്ല. ഇത്തരമൊരു പ്രതിപാദനത്തിന്ന് പശ്ചാത്തലമെന്ന നിലയിൽ ആവശ്യമായത്ര ചരിത്രവസ്തുതകൾ മാത്രമേ തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം ഉൾക്കൊള്ളിക്കുന്നുള്ളു. എന്നാൽ, രസകരങ്ങളായ പല വിശദാംശങ്ങളും ചേർത്ത് തന്റെ വിവരണം സജീവമാക്കാൻ അദ്ദേഹം ഒരിക്കലും മറന്നിട്ടില്ല.

കേരളത്തിന്റെ ചരിത്രരചനയ്ക്ക് ഗണ്യമായ എന്തെങ്കിലും സംഭാവന, പുരാതത്വശാസ്ത്രത്തിൽ നിന്ന് ഇനിയും ഉണ്ടായിട്ടില്ല. ശാസനങ്ങൾ, വിദേശീയരുടെ പരാമർശങ്ങൾ എന്നിവയിൽ നിന്ന് ഏതാനും വിവരങ്ങൾ ലഭ്യങ്ങളാണ്. തമിഴ്, മലയാളം, സംസ്കൃതം എന്നീ ഭാഷകളിലുള്ള പ്രകാശിതവും അപ്രകാശിതവുമായ സാഹിത്യസമുച്ചയം നൽകുന്ന വിവരണങ്ങളാണ് മുഖ്യമായും കേരളചരിത്രത്തിന് ഇന്നുവരെ ആലംബമായിരുന്നിട്ടുള്ളത്. ഇവയ്ക്കു പുറമേയാണ് തലമുറയിൽ നിന്നു തലമുറയിലേയ്ക്ക് വാഗ്രൂപേണ പകർന്നുവരുന്ന ചരിത്രവസ്തുതകൾ. ചരിത്രത്തിൽ ഈ മൗഖികപാരമ്പര്യ **(oral tradition)** ത്തിന്റെ പ്രാധാന്യം ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഉള്ളൂർ ഈ സ്രോതസ്സുകളെയെല്ലാം യഥായോഗ്യം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മൗഖികപാരമ്പര്യത്തെ രേഖപ്പെടുത്തുന്ന കാര്യത്തിൽ അദ്ദേഹം കേരളത്തിലെ മറ്റേതൊരു ചരിത്രകാരനേക്കാളും മുന്നിലാണ്. ദീർഘകാലം എത്രയോ ആളുകളുമായി ക്ഷമാപൂർവ്വം എഴുത്തുകുത്തു നടത്തിയും, നേരിട്ടു സംസാരിച്ചും സമ്പാദിച്ച ഈ വിവരങ്ങളാണ് ദേശചരിത്രത്തിലേയ്ക്കുള്ള അദ്ദേഹത്തിന്റെ മുഖ്യസംഭാവന എന്നു തോന്നുന്നു.

സാഹിത്യചരിത്രത്തിന്റെ ആമുഖമെന്ന നിലയിൽ, മലയാളഭാഷയുടെ ഒരു സംക്ഷിപ്തചരിത്രം നൽകുന്നതിന്നാണ്

തന്റെ ഗ്രന്ഥത്തിന്റെ ആദ്യത്തെ മൂന്നദ്ധ്യായങ്ങൾ ഉള്ളൂർ വിനിയോഗിച്ചിട്ടുള്ളതു്. നാലാമത്തെ അദ്ധ്യായം ഒരർത്ഥത്തിൽ കേരളത്തിന്റെ സാംസ്കാരികചരിത്രസംഗ്രഹമാകുന്നു. അഞ്ചാമദ്ധ്യായത്തിൽ കേരളത്തിലെഴുതപ്പെട്ട ചെന്തമിഴ് സാഹിത്യം പരാമർശിക്കപ്പെടുന്നു. "പാട്ടും മണിപ്രവാളവും" എന്ന ആറാമദ്ധ്യായം മുതൽ മലയാള—സംസ്കൃതസാഹിത്യചരിത്രം ആരംഭിക്കുന്നു.

സാഹിത്യത്തിന്റെ ചരിത്രം കാലക്രമമനുസരിച്ചു് വർണ്ണിച്ചുപോകുമ്പോൾ പശ്ചാത്തലമെന്ന നിലയിൽ ആവശ്യമായത്ര ചരിത്രവസ്തുതകളേ ഉള്ളൂർ നൽകുന്നുള്ളു എന്നു പറഞ്ഞുവല്ലോ. വ്യക്തി, കുടുംബം, ദേശം, രാജ്യം, സ്ഥാപനം, പ്രസ്ഥാനം എന്നിവയെ സംബന്ധിക്കുന്നവയാണു് ഈ ചരിത്രവസ്തുതകൾ. വ്യക്തി എന്നതുകൊണ്ടു് ഇവിടെ ഉദ്ദേശിക്കുന്നതു് ഗ്രന്ഥകാരന്മാരും, ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുകയോ സൂചിപ്പിക്കപ്പെടുകയോ ചെയ്യുന്ന രാജാക്കന്മാർ പോലെയുള്ള പ്രമുഖവ്യക്തികളുമാകുന്നു. വ്യക്തികളെസ്സംബന്ധിച്ചു് മറ്റെങ്ങും അലഭ്യങ്ങളായ പല വിവരങ്ങളും ഉള്ളൂർ നൽകുന്നുണ്ടു്. ഇരുപതാംനൂററാണ്ടിൽ ഗ്രന്ഥനിർമ്മിതിയിൽ വ്യാപരിച്ച മിക്ക കേരളീയരുമായും വൈയക്തികമായ പരിചയം അദ്ദേഹത്തിനുണ്ടായിരുന്നു. ഇതുനിമിത്തം, അവരെപ്പററി പറയുമ്പോൾ എത്രവേണമെങ്കിലും വിശദാംശങ്ങൾ നൽകാൻ അദ്ദേഹത്തിനു് കഴിയുന്നുണ്ടു്. പതിനെട്ടാം നൂററാണ്ടിലേയും പത്തൊമ്പതാം നൂററാണ്ടിലേയും ഗ്രന്ഥകാരന്മാരെപ്പററി, പണ്ഡിതഗൃഹങ്ങളിൽ സജീവങ്ങളായി നിലനിന്നിരുന്ന പാരമ്പര്യങ്ങൾ ഉള്ളൂർ പൂർണ്ണമായി ഉപയോഗപ്പെടുത്തിയിരിക്കുന്നു. അതിനു മുമ്പുള്ളവരെപ്പററി, അവരുടെയും അന്യരുടെയും കൃതികളിൽ നിന്നു് ലഭ്യമായ വിവരങ്ങളെല്ലാം സമാഹരിച്ചു്, പരസ്പരം ബന്ധപ്പെടുത്തി, അദ്ദേഹം സ്വന്തമായ നിഗമനങ്ങളിലെത്തുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാനേയും മററുംപോലെ തനിക്കു് അത്യന്തം ബഹുമാനമുള്ള മഹാവ്യക്തികളെ വർണ്ണിക്കുമ്പോൾ ഗ്രന്ഥവിസ്താരത്തെ അദ്ദേഹം



ഭയപ്പെടുന്നില്ല. താരതമ്യേന പ്രാധാന്യം കുറഞ്ഞ വ്യക്തികളെപ്പററിപ്പോലും പലപ്പോഴും കൗതുകകരങ്ങളായ പല വസ്തുതകളും അദ്ദേഹം തരുന്നുണ്ടു്. "ആറന്മുളവിലാസം" ഹംസപ്പാട്ടിന്റെയും ജ്യോത്സ്യം, കണക്കു്, മർമ്മചികിത്സ മുതലായവ സംബന്ധിച്ച ചില കൃതികളുടെയും, ചില സ്തോത്രങ്ങളുടെയും കർത്താവെങ്കിലും, സാഹിത്യചരിത്രത്തിൽ വളരെയൊന്നും സ്ഥാനമുണ്ടെന്നു പറഞ്ഞുകൂടാത്ത നെടുമ്പായിൽ കൃഷ്ണനാശാനെപ്പററി ഉള്ളൂർ എഴുതുന്നു:

"സംസ്കൃതത്തിലും ഭാഷയിലും ഒന്നുപോലെ കവനം ചെയ്യുവാൻ കഴിവുണ്ടായിരുന്നു എങ്കിലും, (അദ്ദേഹം) സാഹിത്യമാർഗ്ഗത്തിൽ അധികം സഞ്ചരിച്ചില്ല. ബാല്യംമുതല്ക്കുതന്നെ ആശാൻ കാസരോഗത്തിനും ഉദരരോഗത്തിനും വിധേയനായിരുന്നു. ഉദരരോഗത്തിന്റെ പരിഹാരത്തിന്നു് മൂക്കിന്റെ ഉള്ളിലുള്ള പാലം തുളച്ചു് അതിൽ ഒരു ചെറിയ സ്വർണ്ണത്തുടൽ കോർത്തിട്ടിരുന്നു എന്നും, വേദനയുണ്ടാകുമ്പോൾ തുടൽ പതുക്കെപ്പിടിച്ചൊന്നുവലിച്ചു് അതു തൽക്കാലത്തേയ്ക്കു് ശമിപ്പിച്ചിരുന്നു എന്നും പഴമക്കാർ പറയുന്നു. ഒരിക്കൽ ശില്പശാസ്ത്രജ്ഞനായ ഒരാശാരി "മൂരിക്കാള" എന്നു്, മൂക്കിലെ തുടൽ കണ്ടു് അദ്ദേഹത്തെ പരിഹസിക്കുകയും, അപ്പോൾത്തന്നെ അന്ധപ്രജ്ഞനായി താഴെ വീഴുകയും, തദനന്തരം അദ്ദേഹത്തിന്റെ അന്തേവാസിയായി ആ ശാസ്ത്രത്തിൽ ഉപരിപാഠനം ചെയ്യുകയും ചെയ്തുവത്രേ" (വാല്യം **III** പേ. 556, 557).

തന്റെ കൃതികളുടെ ബലത്തിലല്ലെങ്കിൽ, മൂക്കിൽനിന്നു തൂങ്ങുന്ന സ്വർണ്ണത്തുടലിന്റെ ബലത്തിലെങ്കിലും ഉദരരോഗിയായ കൃഷ്ണനാശാൻ മലയാളസാഹിത്യചരിത്രത്തിൽ ജീവിക്കാതിരിക്കയില്ല. സാഹിത്യചരിത്രത്തിന്റെ പഠനത്തെ രസസാന്ദ്രമായ ഒരനുഭവമാക്കിത്തീർക്കുന്നതു് ഇത്തരത്തിലുള്ള അതിലെ പരശ്ശതം വ്യക്തിചിത്രങ്ങളാണു്.

പാണ്ഡിത്യവും കവിത്വവും കേരളത്തിലെ പലകുടുംബങ്ങളിലും എത്രയോ തലമുറകളായി നിലനില്ക്കുകയുണ്ടായല്ലോ.

ഇത്തരം പല കുടുംബങ്ങളുടേയും ചരിത്രം ഉള്ളൂർ നൽകുന്നുണ്ടു്. ചിലപ്പോൾ ഒരൊററ വസ്തുതകൊണ്ടു് ഒരു കുടുംബത്തെ ഉള്ളൂർ നിത്യസ്മരണീയമാക്കുന്നു. "കാസർകോട്ടു താലൂക്കിലെ ഒരു ജന്മിയായ കാവുഭട്ടതിരിയുടെ ഇല്ലത്തിലെ വടക്കിനിതൊട്ടു് തുളുനാടു തുടങ്ങുന്നു എന്നാണു് വയ്പ്പു്" എന്നതു് ഉദാഹരണം (വാള്യം I പേ. 7). മലനാട്ടിലും തുളുനാട്ടിലും ഓരോ കാൽ ഉറപ്പിച്ചു നിവന്നു നില്ക്കുന്ന കാവുഭട്ടതിരിയുടെ ഇല്ലത്തെ നാം ഇനി എങ്ങനെ മറക്കാനാണു്?

പൂർണ്ണസരസ്വതിയെപ്പററി പ്രതിപാദിക്കവേ, അദ്ദേഹം ജനിച്ച ഗൃഹത്തെപ്പററി ഉള്ളൂർ പറയുന്നതു കേൾക്കുക:

"കേരളത്തിന്റെ ജനയിതാവെന്നു് ഐതിഹ്യം നിർദ്ദേശിക്കുന്ന ശ്രീ പരശുരാമൻതന്നെ സാങ്ഗോപാങ്ഗമായും സരഹസ്യമായും മന്ത്രശാസ്ത്രോപദേശംചെയ്തു് അനുഗ്രഹിച്ച ഒരു മഹനീയമായ ബ്രാഹ്മണകുടുംബമാണു് കാട്ടുമാടസ്സു് മന. ആ കുടുംബം ആദികാലത്തു് കോലത്തുനാട്ടിലാണു് സ്ഥിതിചെയ്തിരുന്നതു്. ഇപ്പോൾ അതിന്റെ സ്ഥാനം തെക്കേമലയാളത്തിൽ പൊന്നാനിത്താലൂക്കിൽ വലിയ കുന്നംദേശത്തു് പള്ളിപ്പുറത്തു തപാലാപ്പീസ്സിനു സമീപമാകുന്നു. തന്ത്രത്തിനും മന്ത്രവാദത്തിനും പ്രസ്തുതകുടുംബം പണ്ടെന്നപോലെ ഇന്നും കേൾവിപ്പെട്ടിരിക്കുന്നു." (വാള്യം II, പേ. 15). ഇതുപോലെ

കോലത്തിരി കുടുംബം (വാള്യം II പേ. 2),
പയ്യൂർമന (വാള്യം II പേ. 26),
കോട്ടയത്തു് കോവിലകം (വാള്യം III പേ. 133),
കിളിമാനൂർ കോവിലകം (വാള്യം III പേ. 297, വാള്യം IV 48),
ഇരട്ടക്കുളങ്ങരവാരിയം (വാള്യം III പേ. 310),
ദേശമംഗലത്തുവാരിയം (വാള്യം III പേ. 495),
സാമൂതിരിക്കോവിലകം (വാള്യം III പേ. 496, വാള്യം IV, പേ. 507),



പുന്നശ്ശേരിഇല്ലം (വാള്യം III പേ. 526),
പാലക്കാട്ടു രാജകുടുംബം (വാള്യം III പേ. 539),
കല്ലൂർമന (വാള്യം III പേ. 580),
കൊടുങ്ങല്ലൂർ കൊട്ടാരം (വാള്യം IV പേ. 330),
പന്തളം കൊട്ടാരം (വാള്യം IV പേ. 63, 712),
അമ്പാടി പൊതുവാൾ ഗൃഹം (വാള്യം IV പേ. 93),
വെണ്മണിമന (വാള്യം IV പേ. 328),
ചങ്ങനാശ്ശേരി കൊട്ടാരം (വാള്യം IV പേ. 417),
കടത്തനാട്ടു കോവിലകം (വാള്യം IV പേ. 515),
വയക്കര ഇല്ലം (വാള്യം IV പേ. 608),
കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ കുടുംബം (വാള്യം IV പേ. 625),
കുട്ടമത്തു് കുടുംബം (വാള്യം IV പേ. 783),
ചുനക്കര വാരിയം (വാള്യം V പേ. 17),
കൂടല്ലൂർ മന (വാള്യം V പേ. 212),
വേങ്ങയിൽകുടുംബം (വാള്യം V പേ. 351)

മുതലായി എത്രയോ പണ്ഡിത കുടുംബങ്ങളുടെ ഏറിയും കുറഞ്ഞുമുള്ള വിവരങ്ങൾ ഉള്ളൂർ ശേഖരിച്ചു തരുന്നുണ്ടു്. നമ്മുടെ സാംസ്കാരികചരിത്രത്തിലേയ്ക്കു് ഈ കുടുംബങ്ങൾ നല്കിയ സംഭാവന അദ്വിതീയമാകുന്നു; ഈ കുടുംബങ്ങളുടെ ചരിത്രം, അങ്ങനെ നമ്മുടെ സാംസ്കാരികചരിത്രത്തിന്റെതന്നെ അവിഭാജ്യഭാഗമത്രേ. ചരിത്രകാരന്മാർ ഇതുവരെ വളരെയൊന്നും ശ്രദ്ധിക്കാത്ത ഈ രംഗത്തിൽ ഉള്ളൂരിന്റെ സേവനം അമൂല്യംതന്നെയാണു്.

ഏതെങ്കിലുമൊരു ദേശത്തിന്റെ അനുസ്യൂതമായ ചരിത്രം വിവരിക്കുന്നതിനു് സാഹിത്യചരിത്രത്തിൽ വലിയ പ്രസക്തിയില്ല. എങ്കിലും, സന്ദർഭാനുസൃതമായി, പല ദേശങ്ങളിലുമുള്ള സവിശേഷാചാരങ്ങളും മററും ഉള്ളൂർ അവിടവിടെ എടുത്തുകാട്ടുന്നുണ്ടു്. യുധിഷ്ഠിരവിജയകർത്താവായ വാസുദേവഭട്ടതിരിയെപ്പററി പറയവേ ഉള്ളൂർ അദ്ദേഹം ജനിച്ച ദേശത്തെപ്പററി ഇങ്ങനെ പ്രസ്താവിക്കുന്നു:

"കൊച്ചിയിൽ തൃപ്പൂണിത്തുറയിന്നു സുമാർ എട്ടു നാഴിക തെക്കായി സുപ്രസിദ്ധമായ പെരിവനമെന്ന മഹാക്ഷേത്രവും, അതിനു് അരനാഴിക വടക്കുമാറി തിരുവളക്കാവു് (തിരുവള്ളക്കാവെന്നും പറയും; സംസ്കൃതത്തിൽ വലപുരം) എന്ന ശാസ്താവിൻെറ അമ്പലവും സ്ഥിതി ചെയ്യുന്നു. അതിനു് ഒരു നാഴിക വടക്കായി പട്ടത്തു് എന്നൊരു ഇല്ലമുണ്ടു്. ആ ഇല്ലക്കാർക്കാണു് തിരുവളക്കാവമ്പലത്തിൽ ഇന്നും ശാന്തി. വാസുഭട്ടതിരി ജനിച്ചതു് പ്രസ്തുത കുടുംബത്തിലാകുന്നു." (വാല്യം I പേ. 133) തിരുവെള്ളക്കാവിനടുത്തു് ജനിച്ചു വളർന്നിട്ടും, എണ്ണമററ തവണ ആ ക്ഷേത്രം സന്ദർശിച്ചിട്ടും, അതിന്നു് "വലപുരം" എന്നൊരു സംസ്കൃതപ്പേരുള്ള സംഗതി ഞാൻ മനസ്സിലാക്കിയതു് ഉള്ളൂരിൽ നിന്നാണു്.

ഭാഗവതത്തിൻെറ കൃഷ്ണപദീവ്യാഖ്യാനം രചിച്ച രാഘവാനന്ദനെപ്പററി പറയുന്നതിന്നിടയ്ക്കു് പ്രസംഗവശാൽ ഉള്ളൂർ എഴുതുന്നു:

"കോക്കുന്നത്തു ശിവാങ്ങൾ (ശിവയോഗി) എന്ന യോഗി പെരിഞ്ചെല്ലൂർ ഗ്രാമത്തിൻെറ അതിരുകടം പുത്തനായി നിശ്ചയിക്കുകയും, ആ പുതിയ സങ്കേതംവിട്ടു ബ്രഹ്മചാരികളും അന്തർജ്ജനങ്ങളും വെളിയിൽ പോകരുതെന്നു് വ്യവസ്ഥാപനം ചെയ്യുകയും ചെയ്തു. അദ്ദേഹം ഒരവസരത്തിൽ കോഴിക്കോട്ടു പോകുകയും അന്നു നാടുവാണിരുന്ന സാമൂതിരിയെ അനുഗ്രഹിക്കുകയും ചെയ്തുവെന്നും, ആ അനുഗ്രഹത്തിനുമേലാണു് സാമൂതിരിക്കോവിലകത്തേക്കു് സർവ്വാഭ്യുദയങ്ങളും സിദ്ധിച്ചതെന്നും ചില കേരളോൽപത്തിഗ്രന്ഥങ്ങളിൽ കാണുന്നു. ഒടുവിൽ ആ യോഗി രാജ്യം വിട്ടു വനത്തിലേയ്ക്കു പോയി. അന്നത്തെ കലിദിനസംഖ്യ "കൊടും കാട്ടുകൊതിയൻ" അഥവാ "പുണ്യാടവ്യാംയതിസ്സ്യാൽ" എന്നാകുന്നു. അതനുസരിച്ചുള്ള ക്രിസ്തുവർഷം 1316 ആണു്. ശിവാങ്ങൾ ഉപയോഗിച്ചുവന്ന ഒരു കൂർമ്മാസനം ഇന്നും തളിപ്പറമ്പിനടുത്തു് വെള്ളാവി ക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും, സ്വാമിയാരന്മാർ അവിടെ പോയാൽ ആ കൂർമ്മാസനത്തെ വന്ദിച്ചല്ലാതെ സ്ഥലംവിടുക



പതിവില്ലെന്നും അറിയുന്നു. എന്നാൽ അദ്ദേഹം ഒരു കവിയെന്നോ പണ്ഡിതനെന്നോ ഉള്ള നിലയിൽ പ്രസിദ്ധനല്ല". (വാ. I പേ. 356). ഇതുപോലെ പല ദേശങ്ങളെസ്സംബന്ധിച്ചും അർത്ഥഗർഭങ്ങളും അന്യത്ര അലഭ്യങ്ങളുമായ പല വിശദവിവരങ്ങളും ഉള്ളൂരിന്നു പറയാനുണ്ടു്.

കേരളത്തിൻെറ രാജ്യചരിത്രവും ഉള്ളൂർ സംക്ഷിപ്തമായെങ്കിലും പ്രതിപാദിയ്ക്കാതിരുന്നില്ല. മൂന്നാം വാല്യത്തിൽ അദ്ദേഹം കൊല്ലം പത്താം ശതകം മുതൽ എ. ഡി. 1812 വരെയുള്ള കേരളചരിത്രം ഏറെക്കുറെ വിശദമായിത്തന്നെ നൽകുന്നു. (പേ. 263) ഇതിനു മുമ്പുംപിമ്പുമുള്ള രാജ്യചരിത്രവും അവിടവിടെയായി, പ്രസംഗവശാൽ, അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്. സാമൂഹികവും സാംസ്കാരികവുമായി പ്രാധാന്യമുള്ള പല സ്ഥാപനങ്ങളെപ്പററിയും ഉള്ളൂർ പ്രതിപാദിക്കുന്നുണ്ടു്.

നമ്പൂതിരിമാരുടെ സഭാമഠങ്ങൾ (വാ. I.6 —47),
തൃശ്ശൂർ–തിരുനാവായോഗങ്ങൾ (വാ. I. പേ. 48),
തളിയിലെ പട്ടത്താനം (വാ. II. പേജ് 22),
കേരളത്തിലെ മുദ്രാലയങ്ങൾ (വാ. II. പേ. 296),
ചിററൂർ ഗുരുമഠം (വാ. II. പേ. 536),
ഉദയംപേരൂർ സൂനഹദോസ് (വാ. II. പേ. 716),
ഓണപ്പട (വാ. III. പേ. 173),
മാമാങ്കം (വാ. III. പേ. 196),
കൊച്ചിയിലെ മാധ്വമതം (വാ. III പേ. 473),

മുതലായവ ഇവയിൽ പെടുന്നു. പ്രതിപാദനത്തിൻെറ സമഗ്രതയാണു് എടുത്തുപറയാവുന്ന ഒരു വസ്തുത. തനിക്കു കിട്ടിയ ഒരു വിവരവും അദ്ദേഹം ഉപേക്ഷിക്കുന്നില്ല. പാട്ടു്, മണിപ്രവാളം, ചമ്പു, കിളിപ്പാട്ടു്, ആട്ടക്കഥ, തുള്ളൽ, സംഗീതനാടകം, നോവൽ മുതലായ പ്രസ്ഥാനങ്ങളുടെ ചരിത്രത്തിലേയ്ക്കും ഉള്ളൂരിൻെറ സംഭാവന കുറച്ചല്ല.

സഹൃദയതിലകൻ കെ. രാമപ്പിഷാരടിയെപ്പററി പ്രതിപാദിക്കവേ ഉള്ളൂർ ഇങ്ങിനെ എഴുതിയിട്ടുണ്ടു്. "കേരളത്തിലെ

പണ്ഡിതപാരമ്പര്യത്തെപ്പററി അത്രവളരെ അറിവുള്ള ഒരാളും സമീപകാലത്തു നമ്മുടെ ഇടയിൽ ഉണ്ടായിരുന്നില്ല." (വാ. V. പേ. 229) ഇതേ വാക്യം ഉള്ളൂരിനെപ്പററിയും പറയാവുന്നതാണു്. ഈ മൗഖികപാരമ്പര്യത്തിന്റെ നിരന്തരസ്ഫുരണങ്ങളും, അന്യഥാ നിർജ്ജീവമാവുമായിരുന്ന സാഹിത്യചരിത്രത്തെ ഊർജ്ജസ്വലവും ചൈതന്യവത്തുമാക്കിയിരിക്കുന്നു. ഇതു നിമിത്തം ഒരാഖ്യായികയോ, രസനിർഭരമായ ഒരു കാവ്യമോ വായിച്ചുപോകുംപോലെ കേരളസാഹിത്യചരിത്രത്തിലെ മിക്ക ഭാഗങ്ങളും നമുക്കു് അനായാസമായി വായിച്ചുപോകാൻ കഴിയുന്നു; വായിച്ചുകഴിഞ്ഞാൽ അതെല്ലാം ഉള്ളിൽ തങ്ങിനില്ക്കുകയും ചെയ്യുന്നു.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കുടുംബചരിത്രാഖ്യാനത്തിൽനിന്നു് ഒരു ഭാഗം ഉദ്ധരിച്ചു് ഈ പ്രബന്ധം അവസാനിപ്പിക്കാം. ഉള്ളൂർ എഴുതുന്നു: "തെക്കേ മലബാറിൽ പരപ്പൂർ എന്ന പേരിൽ പ്രാചീനമായ ഒരു രാജകുടുംബമുണ്ടു്. ആ കുടുംബത്തിന്റെ രണ്ടു ശാഖകളാണു് വേപ്പൂരും (ബേപ്പൂർ) പരപ്പനാടും. വേപ്പൂർ ശാഖയിൽനിന്നു പിരിഞ്ഞുപോന്നവരാണു് കിളിമാനൂർ കോയിത്തമ്പുരാക്കന്മാർ. ചങ്ങനാശ്ശേരി കോയിത്തമ്പുരാക്കന്മാർ പരപ്പനാട്ടു ശാഖയിൽപ്പെട്ടവരാണു്. ആ ശാഖയ്ക്കു് ആലിയക്കോടെന്ന പേരിലായിരുന്നു ആദ്യകാലത്തു തിരുവിതാംകൂറിൽ പ്രശസ്തി. 941-ൽ ഹൈദർ അലി ആക്രമിച്ചകാലത്തു് ആ ശാഖയിലെ കുഞ്ഞിക്കുട്ടിത്തമ്പുരാട്ടി തന്റെ അഞ്ചു സ്ത്രീസന്താനങ്ങളോടുകൂടി ധർമ്മരാജാവിനെ അഭയം പ്രാപിച്ചു തിരുവനന്തപുരത്തു താമസിച്ചു. 960-ൽ മൂത്തമകൾ ഇട്ടോട്ടിയമ്മയും കുഞ്ഞുങ്ങളും മാവേലിക്കര കണ്ടിയൂരിൽ മാറിപ്പാർക്കുകയും 932-ൽ ഗ്രാമത്തിൽക്കൊട്ടാരം പണികഴിച്ചു് അവിടെ താമസം തുടങ്ങുകയും ചെയ്തു. രണ്ടാമത്തെ മകൾ ഇട്ടിയങ്കുളയമ്മ അവരുടെ സന്താനങ്ങളോടുകൂടി 969-ൽ തിരുവല്ലാ പാലിയക്കരക്കൊട്ടാരത്തിലേക്കു താമസം മാററി. മൂന്നാമത്തെ മകൾ ഞാഞ്ഞിയമ്മയും കുട്ടികളും 973 മുതൽ ജ്യേഷ്ഠത്തിയോടൊന്നിച്ചു പാലിയക്കര കൊട്ടാരത്തിൽത്തന്നെ പാർത്തുതുടങ്ങി. നാലാമത്തെ മകൾ ആനിയമ്മയും



സന്താനങ്ങളും 970 മുതൽ കോട്ടയം പള്ളത്തു സക്കാർവക എടത്തിൽ താമസിച്ചു. അഞ്ചാമത്തെ മകൾ ഇഞ്ഞഞ്ഞിയമ്മയേയും സന്താനങ്ങളേയും ധർമ്മരാജാവു് പണ്ടു് തെക്കുംകൂർ രാജാക്കന്മാരുടെ വാസസ്ഥാനമായിരുന്ന ചങ്ങനാശ്ശേരി നീരാഴിക്കെട്ടു കൊട്ടാരത്തിൽ പ്രതിഷ്ഠിച്ചു. ആ ഉപശാഖയാണു് ചങ്ങനാശ്ശേരി കോയിത്തമ്പുരാക്കന്മാരുടെ കുടുംബം." പരപ്പനാട്ടു് കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിയുടെ അഞ്ചു പുത്രിമാരുടെ പേരുകൾ ഒന്നുകൂടി ഓർത്തുനോക്കുക. ഇട്ടോട്ടിയമ്മ, ഇട്ടിയങ്കുളയമ്മ, ഞാഞ്ഞിയമ്മ, ആനിയമ്മ, ഇഞ്ഞഞ്ഞിയമ്മ! അമ്പതുകൊല്ലം കഴിഞ്ഞു് കേരളകാളിദാസൻ ആ കുടുംബത്തിൽ പിറന്നില്ലായിരുന്നുവെങ്കിൽത്തന്നെ, വിചിത്രമധുരങ്ങളായ ഈ പേരുകളെ അടിസ്ഥാനമാക്കിയെങ്കിലും ഈ രാജകീയമഹിളാമണികൾക്കും അവർ പിറന്ന കുടുംബത്തിനും നമ്മുടെ സാഹിത്യചരിത്രത്തിലും ദേശചരിത്രത്തിലും സ്ഥാനം നൽകപ്പെടേണ്ടതല്ലേ? □